# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)



'അലകൾ' വായിക്കുക,
വരിക്കാരാവുക, പ്രചരിപ്പിക്കുക,

അലകൾ തപാലിൽ ലഭിക്കാൻ
50 രൂപ മണിയോർഡറായി അയക്കുക

വിലാസം

മാനേജർ, അലകൾ, ഗരുഡാ ബിൽഡിംഗ്സ്,
ജി.പി.ഒ. ലെയിൻ, സ്റ്റാച്ചു,
തിരുവനന്തപുരം - 695 001



പുസ്തകം 3 ലക്കം 95 ❖ തിരുവനന്തപുരം ❖ 2011 ആഗസ്റ്റ് 1–15 www.alakal.net വില 2 രൂപ


## മത്സ്യതൊഴിലാളികൾ ഏജീസ് ഓഫീസിലേയ്ക്ക് മാർച്ച് ചെയ്തു.




തിരുവനന്തപുരം : നാഷണൽ ഫിഷ്വർക്കേഴ്സ് ഫോറത്തിന്റേയും കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റേയും നേതൃത്വത്തിൽ മത്സ്യതൊഴിലാളികൾ ദേശവ്യാപകമായി കിറ്റ് ഇന്ത്യാ ദിനമായ ആഗസ്റ്റ് 9 ന് കേന്ദ്രസർക്കാർ ഓഫീസുകളിലേയ്ക്ക് മാർച്ച് ചെയ്തു. തിരുവനന്തപുരത്ത് ഏജീസ് ഓഫീസിലേക്ക് നടത്തിയ മാർച്ച് നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം സെക്രട്ടറി ടി.പീറ്റർ ഉത്ഘാടനം ചെയ്തു.

കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിലുള്ള മത്സ്യമേഖലയ്ക്ക് വേണ്ടത്ര പരിഗണന കേന്ദ്രസർക്കാർ നൽകുന്നില്ലെന്നും കാർഷിക മേഖലയ്ക്കുള്ള ഉപകരണങ്ങൾക്ക് നാലു ശതമാനം നികുതി ഈടാക്കുമ്പോൾ, മത്സ്യബന്ധന ഉപകരണങ്ങൾക്ക് പന്ത്രണ്ടര ശതമാനവും ഔട്ട്ബോർഡ് എൻജിനുകൾക്ക് 22 ശതമാനവും നികുതി ഈടാക്കുന്നു. ഈ വിവേചനം അവസാനിപ്പിക്കണമെന്ന് ടി പീറ്റർ ആവശ്യപ്പെട്ടു. കടലും കടലോരവും ജലാശയവും ടൂറിസ്റ്റ് ലോബികൾക്കും മണൽ ഖനന ലോബികൾക്കും വിട്ടുകൊടുക്കാനും ഘട്ടംഘട്ടമായി മത്സ്യതൊഴിലാളി സമൂഹത്തെ അവിടെ നിന്നും മാറ്റാനുമുള്ള സർക്കാർ നീക്കത്തിനെതിരെ ശക്തമായ മത്സ്യതൊഴിലാളി പ്രക്ഷോഭം സംഘടിപ്പിക്കുമെന്നും ടി.പീറ്റർ പറയുകയുണ്ടായി.

ഫെഡറേഷൻ ജനറൽ സെക്രട്ടറി പി.പി.ജോൺ, ആന്റോ ഏലിയാസ്, എം. അബ്രോസ്, ജാക്സൺ പൊള്ളയിൽ, പി.വി.വിൽസൺ, ജെ.പി.ജോൺ, എലിസബത്ത് ആന്റണി, മാഗ്ലിൻ പീറ്റർ, ഫ്രീസ്കാ കുരിശപ്പൻ, പോൾ എഴുപുന്ന എന്നിവർ പ്രസംഗിച്ചു.

മത്സ്യതൊഴിലാളികളെയും തീരദേശത്തേയും സംരക്ഷിക്കുവാൻ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ മാറ്റങ്ങൾ വരുത്തുക, കാലാവസ്ഥവ്യതിയാനം കണക്കിലെടുത്ത് പ്രധാനമന്ത്രി പ്രഖ്യാപിച്ച കർമ്മപദ്ധതികളിൽ മത്സ്യമേഖലയെ ഉൾപ്പെടുത്തുക, കേന്ദ്രത്തിൽ ഒരു ഫിഷറീസ് മന്ത്രാലയത്തിന് രൂപം നൽകുക, ഇന്ത്യയിലെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും 90 ദിവസത്തേയ്ക്ക് മൺ സൂൺ ട്രോളിംഗ് നിരോധിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് മത്സ്യതൊഴിലാളികൾ ഡൽഹിയിൽ ജന്തർമന്ദിറിലും ഗുജറാത്തിലെ കച്ച്, മഹാരാഷ്ട്രയിൽ മുംബൈ, മാൽവൻ, ഗോവയിൽ മട്ഗാവ്, കർണാടകയിൽ മംഗലാപുരം, കാർവാർ, തമിഴ്നാട്ടിൽ നാഗർകോവിൽ, രാമേശ്വരം, നാഗപട്ടണം, ചെന്നൈ, ആന്ധ്രപ്രദേശിൽ വിശാഖപട്ടണം, കാക്കിനാട, ഒറീസയിൽ ഭുവനേശ്വർ, ഗജ്ജാം, പശ്ചിമബംഗാളിൽ കൊൽക്കത്ത, സുന്ദർബൻ എന്നിവിടങ്ങളിലും മത്സ്യതൊഴിലാളികൾ പ്രതിഷേധമാർച്ചും, ധർണയും നടത്തി.

## തീരത്തിന് ഉത്സവമായി "വേളി ഫെസ്റ്റ്– 2011"

തിരുവനന്തപുരം: തീരദേശവാസികളുടെ കൂട്ടായ്മ വിളിച്ചോതികൊണ്ട് വലിയ വേളി വെൽഫയർ മൂവ്മെന്റിന്റെ (VWeM) നേതൃത്വത്തിൽ വേളി ഫുട്ബോൾ ഗ്രൗണ്ടിൽ "**വേളി ഫെസ്റ്റ് –2011** " സംഘടിപ്പിക്കുന്നു. തീരദേശത്തെ ഏറ്റവും വലിയ കാർണിവലാണ് വേളി ഫെസ്റ്റ് 2011 ലൂടെ ഒരുക്കുന്നത്. കപ്പയും മീനും തട്ടുകടയും തുടങ്ങി ബാർബിക്യൂ വരെയുള്ള നൂറിലേറെ വിഭവങ്ങൾ അടങ്ങിയ ഭക്ഷ്യമേള, രസകരമായ പാർട്ടി ഗെയിമുകൾ ഉൾപ്പെടുന്ന ഗെയിം സോണുകൾ, നൃത്തവും പാട്ടും, ചെണ്ടമേളവും ഉൾപ്പെടുന്ന കലാവിരുന്ന്, വിവിധ സ്റ്റാളുകൾ, പ്രശസ്ത സിനിമാ താരങ്ങളുടെ സാന്നദ്ധ്യം എന്നിവകൊണ്ട് ശ്രദ്ധേയമായ പ്രസ്തുത കാർണിവലിൽ 1000 –ലേറെ സമ്മാനങ്ങൾ നൽകുന്നു. ഓരോ മണിക്കൂറിലും പ്രത്യേക നറുക്കെടുപ്പും ആകർഷകമായ സമ്മാനങ്ങളും നൽകുന്നു. വേളിയിലൊരുക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ജി.കാർത്തികേയൻ, എം.എ.വാഹിദ്.എം.എൽ.എ. കൗസിലർ ജോളി ഡേവിഡ്, ഫാ. ചാൾസ് ലിയോൺ തുടങ്ങിയ പ്രമുഖർ പങ്കെടുക്കുന്നു. ആയിരക്കണക്കിനാളുകൾ ഈ കാർണിവലിൽ പങ്കെടുക്കുമെന്ന് സംഘാടകരായ കഴ്സൺ ജോൺ (പ്രസിഡന്റ്), റോക്കി രാജു (ജനറൽ സെക്രട്ടറി), റോബിൻസൺ മൈക്കൽ (ജനറൽ കൺവീനർ), ജോസഫ് ലോപ്പസ് (പ്രോഗ്രാം കോ-ഓർഡിനേറ്റർ), ഹെർമിജിൽഡ് (പ്രോഗ്രാം കമ്മിറ്റി അംഗം) ഹെറിസൺ ഫെർണാണ്ടസ് (മീഡിയ കൺവീനർ) എന്നിവർ പത്രസമ്മേളനത്തിലൂടെ അറിയിച്ചു.

ജാതിമത ഭേതമന്യേ നാട്ടിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങളൊന്നടങ്കം വേളി ഫെസ്റ്റ് എന്ന ഈ സംരംഭം ഏറ്റെടുത്തുകഴിഞ്ഞു. തീരദേശ ജനതയുടെ തനതു സാംസ്കാരിക പൈതൃകം വിളിച്ചോതികൊണ്ട്, തീരദേശ വാസികളുകടെ ഐക്യം ഊട്ടിഉറപ്പിക്കാൻ നടത്തുന്ന വേളി ഫെസ്റ്റ് 2011 മറ്റ് തീരഗ്രാമങ്ങൾക്കും പ്രചോതനമേകുമെന്ന് കരുതുന്നു. കടലിനോട് മല്ലടിക്കുകയും വിദേശത്തെ മണലാരണ്യത്തിൽ വിയർപ്പൊഴുക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തീരദേശവാസികൾക്കും ഉല്ലാസമേകുവാനും അവരുടെ കലാകായിക അഭിരുചി വളർത്തുവാനും ഇത്തരം മേളകൾ അവസരമൊരുക്കും. ഈ സംരംഭത്തിലൂടെ സമാഹരിക്കുന്ന തുക ആധുരസേവനത്തിനും ഗ്രാമത്തിന്റെ മറ്റ് വികസന കാര്യങ്ങൾക്കും ആരാധനാലയത്തിന്റെ നിർമ്മാണത്തിനും ഉപയോഗിക്കും.

മെച്ചപ്പെട്ട തൊഴിൽ, ജീവിത സൗകര്യങ്ങൾ തേടി പ്രവാസികളായി യു.എ.ഇ.യിൽ കഴിയുന്ന വേളി നിവാസികളുടെയും അയൽഗ്രാമങ്ങളുടെയും ക്ഷേമത്തിനും സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ, കായിക മേഖലകളുടെ പുരോഗതിക്കും വേണ്ടി 20 വർഷമായി പ്രവർത്തിക്കുന്ന വലിയവേളി വെൽഫെയർ മൂവ്മെന്റാണ് തിരുവനന്തപുരം നിവാസികൾക്കായി ഈ മഹാസംഗമം ഒരുക്കുന്നത്.

## വലിയവേളി സ്വദേശി എൽവിൻ ജോൺ നിർമ്മിക്കുന്ന പുതിയ ചലചിത്രം






മാന്യ വായനകാർക്ക്
അലകൾകളുടെ
സ്വാതന്ത്ര്യദിനാശംസകൾ

# കടലെവിടെ മക്കളേ?

ഡി. സഞ്ജീവഘോഷ് (മുൻ ഫിഷറീസ് അഡീഷണൽ ഡയറക്ടർ)

നാം അധിവസിക്കുന്ന ഭൂമി മരണത്തോടടുക്കുകയാണെണ് ശാസ്ത്ര സമൂഹം മുന്നറിയിപ്പ് നൽകിയിട്ട് ദശാബ്ദങ്ങൾ ഏറെ ആയി. ആ പ്രസ്താവം അർഹിക്കുന്ന ഗൗരവത്തോടെ നാമിനിയും കണക്കിലെടുത്തിട്ടില്ല. "ഭൂമൃതി"ക്ക് കാരണമാകുന്ന ഘടകങ്ങളായി പലതും ചൂണ്ടികാണിക്കപ്പെടുന്നു. പരിസ്ഥിതി തകർച്ച, തകരുന്ന ജൈവാവാസ വ്യവസ്ഥകൾ, ജലദൗർലഭ്യം വർദ്ധിച്ചുവരുന്ന അന്തരീക്ഷ ഊഷ്മാവ്, കടൽ ജലനിരപ്പുയർച്ച എന്നിങ്ങനെയുള്ള പ്രത്യക്ഷ സൂചനകൾ! എന്തുമാവട്ടെ. കാരണങ്ങൾ കണ്ടെത്തുവാനും അവ കാലേ കൂട്ടി തടയുവാനും പ്രതിവിധികൾ കണ്ടെത്തുവാനും രക്ഷാമാർഗ്ഗങ്ങൾ തേടുവാനും ഒക്കെ നമ്മുടെ ശാസ്ത്രസമൂഹം കിണഞ്ഞു പരിശ്രമിക്കുയാണ്. പക്ഷെ, ആസന്നമാകുന്ന ഭൂമൃതി നമുക്കു ഒഴിവാക്കാൻ ആകുമോ? ഉത്തരമില്ലാത്ത ഒരു ചോദ്യമായി അതവശേഷിക്കുന്നു.

വികസന ത്വരയിൽ മത്സര ബുദ്ധിയോടെ ഭൂവിഭവ സ്രോതസ്സുകളെ മുഴുവൻ ചൂഷണം ചെയ്തു മുന്നേറുവാൻ ശ്രമിക്കുന്നവർ ശാസ്ത്ര സമൂഹത്തിന് കൃത്യമായ മറുപടി നൽകുന്നു. ഭൂമി മരിച്ചാൽ നമുക്കെന്താ മറ്റൊരു ഗ്രഹത്തിലേക്ക് മാറിതാമസിച്ചാൽ പോരേ?? ആധുനിക ശാസ്ത്രയുഗത്തിന്റെ അന്തസത്ത അങ്ങനെ ആയിരിക്കാം.

ഒന്നു മാത്രം നാം അറിയേണ്ടതുണ്ട്. ഭൂമിയെ നശിപ്പിക്കുന്നത് മനുഷ്യർ മാത്രമാണ്. ദുരമൂത്ത മനുഷ്യന്റെ ദുശ്ശാഠ്യങ്ങൾക്ക് ഉത്തരം ഭൂമിയുടെ മരണമാണ് എന്ന സത്യം!

പരിസ്ഥിതി സംരക്ഷണം ഇന്ന് പ്രധാനപ്പെട്ട ഒരു ആഗോള അജണ്ടയാണ്. പ്രകൃതിയിലെ സ്വാഭാവിക ചുറ്റുപാടുകളെ (പരിസ്ഥിതി) നശിക്കാതെ സംരക്ഷിക്കുവാൻ വൈകിയാണെങ്കിലും നാം കിണഞ്ഞു പരിശ്രമിക്കുകയാണ്. കാടുകളെ നിലനിർത്തുവാനും മരങ്ങൾ വച്ചുപിടിപ്പിക്കുവാനും ജലാശയങ്ങളും നീർത്തടങ്ങളും സംരിക്കുവാനും തീരദേശ പരിസ്ഥിതി സംരക്ഷിക്കുവാനും നാം ശ്രമിക്കുന്നുണ്ട്. ജലമലിനീകരണം തടയുന്നതിനും അണുവികരണം ഒഴിവാക്കുന്നതിനും ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുവാനും ഒക്കെ നാം ധാരാളം പദ്ധതികളും പരിപാടികളും ആവിഷികരിക്കുന്നുമുണ്ട്. റിസർവ്വ് ഫോറസ്റ്റ്, പ്രൊട്ടക്റ്റ് സോൺ, വൈൽഡ് സാങ്ച്വറീസ്, ബയോ ഗ്രീൻ ബെൽറ്റ്, ഹെറിറ്റേജ് സൈറ്റ്സ്, ഹോട്ട് സ്പോട്ടസ്, ബയോ റിസർവ്സ്, തീരദേശ നിയന്ത്രണ മേഖലകൾ തുടങ്ങി എത്ര എത്ര പദ്ധതികൾ. ഇത്തരം പദ്ധതികൾ കൊണ്ട് ഭൂമിയുടെ മരണം നമുക്ക് തടയാനാകുമോ? നൂറ്റാണ്ടുകളായി മനുഷ്യർ ഭൂമിയിലേൽപിച്ച ആഘാതങ്ങൾ നമുക്കു ഇല്ലാതാക്കാനാകുമോ. ജൈവ വൈവിധ്യങ്ങൾ, നശിപ്പിക്കപ്പെട്ട ഭൂപ്രകൃതികൾ, നഷ്ടപ്പെടുത്തിയ ആവാസ വ്യവസ്ഥകൾ എന്നിവ ഇനി നമുക്ക് വീണ്ടെടുക്കുവാനാകുമോ? അതിനുള്ള സമയം ഇനി ലഭ്യമാണോ? ഉത്തരമില്ലാത്ത ചോദ്യങ്ങളാണിവ. എന്നാൽ ചോദ്യമില്ലാത്ത ഉത്തരങ്ങളുമുണ്ട്. അനവധി സത്യസന്ധമായ ഇത്തരം ചില ഉത്തരങ്ങൾക്ക് ചോദ്യം കണ്ടെത്തുവാൻ നാം ബാദ്ധ്യസ്ഥരായിരിക്കുന്നു. കാലാവസ്ഥ വ്യതിയാനങ്ങളെക്കുറിച്ചും കടലാക്രമണങ്ങളെക്കുറിച്ചും ഭൗമാന്തരീക്ഷ താപനത്തെക്കുറിച്ചും കടൽ ജലനിരപ്പുയരുന്നതിനേക്കുറിച്ചും ഒക്കെ നാം ഗൗരവമായി പഠിക്കുകയും വ്യാകുലപ്പെടുകയും അവയെ ചെറുക്കുന്നതിനുള്ള വഴികൾ തേടുകയും ചെയ്യുന്നുണ്ട്. അപ്പോഴും ഭൂമിയുടെ നിലനിൽപ്പിനു നിദാനമായ അടിസ്ഥാന വസ്തുക്കളെ വികസനത്തിന്റെ പേരിലും സുഖഭോഗങ്ങളുടെ പേരി ലും മനുഷ്യർ ബോധപൂർവ്വം മറക്കുന്നു..... പ്രപഞ്ച സൃഷ്ടിയിലെ പഞ്ചഭൂതങ്ങൾ (പഞ്ചമഹാഭൂതങ്ങൾ) എന്ന് പുരാണങ്ങൾ പ്രകീർ ത്തിക്കുന്ന (ആരാധിക്കുന്ന) ആകാശത്തേയും ജലത്തേ യും വായുവിനേയും ഭൂമിയേയും ഊർജ്ജത്തേയും മനുഷ്യർ നിത്യം നശിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഭൂമി പിന്നെങ്ങനെ മരിക്കാതിരിക്കും? നമ്മുടെ ശാസ്ത്രജ്ഞന്മാർ നാശോന്മുഖമായ ഈ മനുഷ്യ പ്രവൃത്തികളെ സോദാഹരണം ചൂണ്ടിക്കാട്ടുന്നുണ്ട്. നാം അവ അർഹിക്കുന്ന ഗൗരവത്തോടം കണക്കിലെടുക്കുന്നുണ്ടോ?.

ആകാശ പാളികളെ നാം നശിപ്പിക്കുന്നു. സൂര്യതാപം ഭൂമിയെ ബാധിക്കാതെ തടയുന്ന ഓസോ ൺ പാളികളിൽ വിള്ളലുകളുണ്ടാക്കിയിരിക്കുന്നു (ഭൂമിയുടെ ഉപഗ്രഹ ചിത്രങ്ങൾ വ്യക്തമാക്കുന്നതിതാണ്. അന്റാർട്ടിക്കാ മേഖലയിലെ ഓസോൺ പാളിയിൽ 2 കോടി 83 ലക്ഷം ചതുശ്ര കി.മി. വിസ്തൃതിയിൽ വിള്ളലുണ്ട്. കഴിഞ്ഞ ആറുവർഷമായി ഉത്തര ധ്രുവത്തിലും ഓസോൺ പാളികളിൽ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു) ഭൗമാന്തരീക്ഷത്തിന്റെ രക്ഷാകവചമായ ഹരിത ഗൃഹവാതക പാളികളുടെ കനം കൂടി കൂടി വന്ന് അന്തരീക്ഷ താപം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മലിന വാതകങ്ങൾ വർദ്ധിച്ചതോതിൽ അന്തരീക്ഷത്തിൽ ലയിച്ച് വായു മലിനമായിക്കൊണ്ടിരിക്കുന്നു.

കാടുകളും വനങ്ങളും ആണ് ഭൂമിയുടെ രക്ഷാകവചമായ പച്ചപ്പുകൾ എന്ന് മത്സ്യതൊഴിലാളികളും വിശ്വസിക്കുന്നു. സസ്യലതാദികളും പച്ചപ്പുകളായി നമ്മെ സന്തോഷിപ്പിക്കുന്നു. പക്ഷെ, ഇവ 'കാഴ്ചക്കപ്പുറത്തെ പച്ചപ്പുകൾ മാത്രമാണ് എന്ന് പലരും മനസ്സിലാക്കുന്നില്ല. ഭൂമിയിലെ മൊത്തം പച്ചപ്പിന്റെ മൂന്നിലൊന്നു മാത്രമാണിവയെന്നു നാം അറിയണം. ശാസ്ത്രീയമായി ഈ പച്ചപ്പുകളെ 'ക്ലോറോഫിൻ' (ഹരിതം) എന്നു പറയുന്നു. ഭൂമിയിൽ കാണുന്ന ക്ലോറോഫിലിന്റെ മുക്കാൽ പങ്കും കാണുന്നത് കടലിലാണെന്ന സത്യം നാം മറക്കരുത്. കടൽ ജലത്തിൽ കാണുന്ന സൂക്ഷ്മ സസ്യപ്ലവങ്ങളിലാണ് ഭൂമിയുടെ ക്ലോറോഫിൽ ശേഖരം മുഖ്യമായും നിലനിൽക്കുന്നത്. ഹരിത ശേഖരങ്ങളായ സൂക്ഷ്മ പ്ലവങ്ങൾ കടലിൽ ചത്തടിയുന്ന പ്രതിഭാസത്തെ 'പ്ലവക മഴ'യെന്നാണ് പറയപ്പെടുന്നത്. പ്ലവക മഴയിലൂടെയാണ് കടലിനടിയിൽ എണ്ണ നിക്ഷേപം (ക്രൂഡ് ഓയിൽ) ഉണ്ടാകുന്നത്. നൂറ്റാണ്ടുകളായുണ്ടായ ഈ നിക്ഷേപം നിർല്ലോഭം ഊറ്റിയെടുത്താണ് നാം പെട്രോളിയം ഉല്പന്നങ്ങളുണ്ടാക്കുന്നത്. പെട്രോളിയം ഡീസലായും മണ്ണെണ്ണയായും ഓയിൽ കരിയായും ടാറായും വാക്സായും, ജെല്ലിയായും പാചകവാതകമായും, പ്ലാസ്റ്റിക്കായും മറ്റുല്പന്നങ്ങളായും ഒക്കെ അവ നാം ഉപയോഗപ്പെടുത്തുന്നു. നിരന്തരം നിയന്ത്രണമില്ലാതെ ഇവയുടെ അമിതമായ ഉപയോഗം മൂലം കരയിലെ ജലസ്രോതസ്സുകളും വായുവും ആകാശ പാളികളുമെല്ലാം നാശോന്മുകമാകുന്നു. കടലിന്റെയും കടലിനടിലെ ഭൗമപാളികളുടേയും സന്തുലനം ഉറപ്പാക്കുന്ന ഈ ക്രൂഡോയിൽ ശേഖരം ഭൂമിയുടെ നിലനിൽപ്പിനുതന്നെ നിദാനമാണ്. നൂറ്റാണ്ടുകളായി മനുഷ്യർ നിർല്ലോഭം നടത്തുന്ന ക്രൂഡോയിൽ ശേഖരണം ഭൗമപാളുകളുടെ സന്തുലിതമായ ചേർച്ചയെത്തന്നെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ആഘാതമേറ്റ ഭൗമപാളികൾ സ്വയം ക്രമീകരിക്കപ്പെടുമ്പോഴാണ് കടലിനടിയിൽ ഭൂചലങ്ങളും ശക്തികൂടിയ ഭൂകമ്പങ്ങളുമൊക്കെ ഉണ്ടാകുന്നത്. അവയുടെ പ്രകമ്പനങ്ങളിൽപ്പെട്ട് കടലിറങ്ങുകയും പിന്നീട് കനത്ത സുനാമി തിരകളായി ആ ഞ്ഞടിക്കുകയും ചെയ്യുന്നു. മനുഷ്യനുണ്ടാക്കുന്ന ഈ ആഘാതം ആർക്കുമാറ്റുവാനാകും? 'സർവ്വംസഹ'യെന്നു നാം കരുതുന്ന ഭൂമി ഇത് ആവോളം സഹിക്കും........സഹിക്കാനാവാതെ വരുമ്പോൾ ഭൂമി മരിക്കും.... ആരിതോർക്കുന്നു. ശാസ്ത്ര സമൂഹം പോലും ഈ സത്യം ബോധപൂർവ്വം തിരസ്കരിക്കുന്നു.... (ഹിരണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം)

കടലിന്റെ ഘടനയും ജൈവാവാസവ്യവസ്ഥ തകർക്കുന്ന ഇത്തരം നിരവധി പ്രവർത്തനങ്ങൾ നിരന്തരം തുടരുകയാണ്. കടലിന്റെ മാത്രമല്ല കരഭൂമിയുടെ ഘടനയും ജൈവാവാസ വ്യവസ്ഥകളും ഏതാണ്ട് മുക്കാൽ പങ്കും ഇപ്പൊഴേ തകർന്നു കഴിഞ്ഞിരിക്കുന്നു എന്ന വസ്തുതയും നാം മനസ്സിലാക്കണം, ഭൂഘടന തകർ ക്കുന്ന തരത്തിൽ നാം മണ്ണും മലകളും ഇളക്കിമറിക്കുന്നു. പുഴകളിലൂടെ കടലിലെത്തേണ്ട മണൽ നാം കവർന്നെടുക്കുന്നു. കടൽക്കരയിലെ മണലും നാം നീക്കി മാറ്റുന്നു. എന്നിട്ട് കടൽ ജലനിരപ്പുയരുമ്പോൾ വ്യാ കുലപ്പെടുന്നു.മഞ്ഞുരുകുന്നതുകൊണ്ട് മാത്രമല്ല കടൽ ജലനിരപ്പുയരുന്നത് എന്നു മനസ്സിലാക്കണം.

ഭൂമിയിലെ ശുദ്ധജലാശയങ്ങളും ഓരു ജലാശയങ്ങളും നീർത്ത ഭൂമികളും നികത്തിയെടുക്കുന്നതിൽ വാശിയും വ്യഗ്രതയും കാട്ടുകയാണ് നാം ഇന്ന് ചെയ്യുന്നത്. ജലവും വായുവും മലിനപ്പെടുത്തുന്നതിൽ മനുഷ്യർ ഒരു നിയന്ത്രണവും പാലിക്കുന്നില്ല. ജീവജാലങ്ങളുടെ നിലനിൽപ്പിന് ആധാരമായ ശുദ്ധ ജലവും ശുദ്ധ വായുവും നഷ്ടമായിക്കൊണ്ടിരിക്കുന്നു. തീരഭൂമികളിലെ ശുദ്ധജലാശയങ്ങളിൽ കടലിൽ നിന്നും ഉപ്പുവെള്ളം ഊർന്ന് കയറുന്നു. കുടിവെള്ളം കിട്ടാതെ ജനങ്ങൾ വലയുന്നു. ആരെയാണ് കുറ്റപ്പെടുത്തുക? ഭൂമിയേയോ? കടലിനേയോ?

ഭൂമിയിലെ സസ്യങ്ങളും ജീവികളും പരസ്പരാശ്രിതമായാണ് നിലകൊള്ളുന്നത്. അവയുടെ പാരസ്പര്യം ഇല്ലാതാക്കുന്ന തരത്തിൽ ആവാസ വ്യവസ്ഥയിലെ ഇണക്കുകണ്ണികൾ അറിഞ്ഞും അറിയാതെയും മനുഷ്യർ ചൂഷണം ചെയ്ത് നശിപ്പിക്കുന്നു. പല ജീവജാലങ്ങളും ഭൂമുഖത്തുനിന്നും അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. കരയിലും കടലിലും ജന്തുക്കളുടെയും സസ്യങ്ങളുടെയും പ്രകൃതിദത്തമായ ജൈവാവാസ വ്യവസ്ഥകൾ പലതും അസന്തുലിതമായിരിക്കും. നിത്യജീവിതത്തിൽ ആഹാരാവശ്യത്തിനായി നാം ആശ്രയിക്കുന്ന ജല ജീവികളായ മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥകൾ നിരന്തരം തകർത്തുകൊണ്ടിരിക്കുന്ന മനുഷ്യ പ്രവൃത്തികളെ കുറച്ചു പോലും നാമിതുവരെ ബോധവാന്മാരായിട്ടില്ല. പലമത്സ്യങ്ങൾക്കും വംശനാശം സംഭവിച്ചിരിക്കുന്നു.

കരഭൂമിയിൽ നിന്നു മാത്രമല്ല കടൽത്തീരങ്ങളിൽ നിന്നും കടലിനടിയിൽ നിന്നും വരെ റെയർ എർത്തും' ധാതുക്കളും' മണലും ഒരുവിധ നിയന്ത്രണങ്ങളുമില്ലാതെ കുഴിച്ചെടുക്കുന്നതുമൂലം ഭൂമിയുടെ ഗുരുത്വാകർഷണ - കാന്തിക - സ്വഭാവത്തിൽ പ്പോലും പ്രതികൂല പ്രഭാവങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു എന്നും ഭൗമശാസ്ത്രപഠനങ്ങൾ സഗൗരവം ചൂണ്ടിക്കാട്ടുന്നു. ഇത് അത്യന്തം ഗൗരവമേറിയതാണെന്ന് ആരറിയുന്നു?

**കുറിപ്പ്:** നമ്മുടെ മക്കളും അവരുടെ മക്കളും ഒരു പക്ഷേ ഒന്നോ രണ്ടോ തലമുറകളും കൂടി ഇന്നത്തെപ്പോലെ പ്രകൃതിയുമായി സമരസപ്പെട്ടും മല്ലടിച്ചും ജീവിച്ചുവെന്നു വരാം. അതിനപ്പുറം ഒരു ദുരന്ത ഭൂമിയായി ഒരു പ്രളയക്കടലായി ഈ ഭൂഗോളം മാറിയെന്നും വരാം. ആരറിയുന്നു? കലിയുഗം അവസാനിക്കും വരെ കല്കി അവതരിക്കും വരെ ഭൂമി മരിക്കും വരെ വീണ്ടു ഒരു മത്സ്യാവതാരത്തിന്റെ കഥയോർത്ത് നമുക്ക് നെടുവീർപ്പിടാം. അല്ലെങ്കിൽ ബൈബിളിൽ പറയുന്നതുപോലെ ഇനിയും ഒരു നോഹയുടെ പെട്ടകത്തിൽ ഒരിടം തേടുവാൻ നമ്മുടെ വരും തലമുറകളെ ഉദ്ബോധിപ്പിക്കാം.

**പിൻകുറിപ്പ്:** വേദം എന്നാൽ 'അറിവ്' എന്നാണ് അർത്ഥം. ഭാഗവതപുരാണ പ്രകാരം വേദങ്ങളെ മോഷ്ടിച്ചുകൊണ്ട് പോയ ഹയഗ്രീവാസുരനെ കൊല്ലുന്നതിനും ജ്ഞാനിയും ഭക്തനും നല്ലവനുമായ വൈവസ്വതമനുവിനു മോക്ഷം നൽകുന്നതിനുമായാണ് ബ്രഹ്മസ്ഥിതിമൂർത്തിയായ മഹാവിഷ്ണു ആദ്യമായി മത്സ്യരൂപത്തിൽ ഭൂമിയിൽ അവതരിച്ചത്

കലിയുഗാവസാനത്തിൽ ദുഷ്ടന്മാരെ നിഗ്രഹിക്കുന്നതിനായി മഹാവിഷ്ണു കല്കി (ഖഡ്ഗി) യായി അവതരിക്കുമെന്ന് പറയുന്നു. ഇതു കലിയുഗമാണ്. ദുഷ്ടന്മാർ ഭൂമിയെ നശിപ്പിക്കുകയാണ് കല്കിയുടെ അവതാരം 'ഭൂമൃതി' യായി മാറുമോ എന്ന് ആശങ്കിക്കേണ്ടിയിരിക്കുന്നു.

# കടലറിഞ്ഞ് മീൻ പിടിക്കുക

കേരളത്തിൽ 1.4 ലക്ഷം പേർ മീൻ പിടിത്ത മേഖലയുമായി നേരിട്ട് ബന്ധപ്പെട്ട് ജോലി ചെയ്യുന്നവരാണ്. വർഷം തോറും 6.2 ലക്ഷം ടൺ മീൻ പിടിക്കുന്നു. 30 ശതമാനത്തോളം ജനങ്ങൾ തീര മേഖലയിൽ കഴിയുന്നവരാണ്. ഒരു ചതുരശ്ര കിലോമീറ്ററിൽ രണ്ടായിരത്തിലധികം പേരാണ് ഇവിടെ താമസിക്കുന്നത്.

കാലാവസ്ഥാമാറ്റം കടലിനെയും തീരമേഖലയെയും തീവ്രമായി ബാധിക്കുമെന്ന് പറയുമ്പോൾ ഈ കാര്യങ്ങൾ നമ്മെ കൂടുതൽ ഭയപ്പെടുത്തുന്നു. കടൽ നിരപ്പുയരുകയും മത്സ്യതൊഴിലാളി ഗ്രാമങ്ങൾ തകരുകയും ചെയ്താൽ വലിയൊരു വിഭാഗം ജനങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വം ഭീഷണിയിലാവും. അപ്രതീക്ഷിതമായി മീനുകൾ കിട്ടാതായെന്നുവരും.

ഈ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കാൻ ചെന്നൈ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ (സി.എം.എഫ്.ആർ.ഐ.) പ്രൊഫസർ ഡോ. ഇ. വിവേകാനന്ദൻ ചില നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

1. മീൻ പിടിത്തത്തിൽ ചില പൊതുതത്വങ്ങൾ പാലിക്കുക. പ്രധാന മീനുകൾക്ക് കാലാവസ്ഥാമാറ്റത്തോട് പൊരുത്തപ്പെടാനുള്ള ശേഷി വിലയിരുത്തുക.
2. മീനുകളുടെ ഉത്പാദനവും വളർച്ചയും നിലനിർത്താൻ കഴിയുന്ന മീൻ പിടിത്തരീതികൾ സ്വീകരിക്കുക.
3. മീൻ പിടിത്ത വഞ്ചികളുടെയും ബോട്ടുകളുടെ യും ഇന്ധനക്ഷമത കൂട്ടുക.
4. മത്സ്യതൊഴിലാളികളുടെ ഇടയിൽ കാലാവസ്ഥാമാറ്റത്തെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുക.
5. കാലാവസ്ഥ നിരീക്ഷണത്തിന് പ്രാദേശിക സംഘങ്ങളെ ഏർപ്പെടുത്തുക.
6. കാലാവസ്ഥമാറ്റം കൊ ണ്ടും അല്ലാതെയും ഉണ്ടാകുന്ന പ്രശ്നങ്ങളെ നേരിടാനും പരിഹരിക്കാനും കഴിയുന്ന സംവിധാനങ്ങൾ രൂപപ്പെടുത്തുക.

കടൽ അനന്തമായി പരന്നുകിടക്കുന്നു. അതിലേക്ക് എന്തും ഒഴുക്കിവിടാം, കടൽ എല്ലാം ഏറ്റുവാങ്ങും എന്നാണ് നമ്മുടെ പൊതുധാരണ. എന്നാൽ ചൂട് ഒരു ഡിഗ്രി കൂടിയാൽ പി.എച്ച്.മൂല്യത്തിൽ 0.1 യൂണിറ്റ് കൂടിയാൽ കടലിന്റെ ജീവലേകം അസ്വസ്ഥമാനും. അതുകൊണ്ട് ചിലമുൻകരുതലുകൾ വേണം.

- മീൻ പിടിത്ത ബോട്ടുകളുടെ മലിനീകപണം കുറയ്ക്കണം. ലോകത്ത് എണ്ണ ഉപയോഗത്തിന്റെ 1.2 ശതമാനം മീൻ പിടി ത്ത മേഖലയിലാണ്.
- മീൻ പിടിത്തം അതിന്റെ പാരമ്യത്തിൽ എത്തി മേഖലകളിൽ തുടർ ന്നുള്ള മീൻ പിടിത്തം തടയുക.
- മീൻപിടിത്തം കടലിന്റെ ആവാസവ്യവസ്ഥയെ തകർക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക. കേരളത്തിന്റെ 590 കി. മീറ്റർ തീരദേശത്ത് 150 മത്സ്യ തൊഴിലാളി ഗ്രാമങ്ങൾ കടലിന്റെ 100 മീറ്റർ പരിധിയിലാണ്. ഇവയെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ ഇപ്പോൾതന്നെ തുടങ്ങണം.

കടലേറ്റം മൂലം ഒലിച്ചു പോകാവുന്ന തീരം എത്ര എത്ര പേരെ ബാധിക്കും കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള അവബോധം ജനങ്ങൾക്ക് എത്രത്തോളം ഉണ്ട് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ സൂചി (Vulinerabitity Index) തയ്യാറാക്കണമെന്നത് മറ്റൊരു നിർദ്ദേശം. ഇതിന്റെ അടിസ്ഥാനത്തിലാകണം കർമ്മപരിപാടികൾ. കാരണം 2100–ഓടെ കടൽനിരപ്പ് 30 മുതൽ 90 വരെ സെന്റീമീറ്റർ ഉയരുമെന്നാണ് കണക്ക്. കടൽഭിത്തി കെട്ടി ഇതിനെ തടയാനാവില്ല.

# വലിയവേളി വെൽഫെയർ മൂവ്മെന്റ്



കഴ്സൺ ജോൺ
പ്രസിഡന്റ്

**ആമുഖം**

മെച്ചപ്പെട്ട തൊഴിലും, ജീവിത സൗകര്യങ്ങളും തേടി പ്രവാസികളായി യു.എ.ഇ. യിൽ കഴിയുന്ന വലിയവേളി നിവാസികളുടെ ക്ഷേമത്തിനും, വലിയവേളിയുടെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, കായിക മേഖലകളുടെ പുരോഗതിയ്ക്കും വേണ്ടി ഒരു സംഘടനയ്ക്ക് രൂപം നൽകണമെന്ന് യു.എ.ഇ. യിൽ കഴിയുന്ന പ്രവാസികളായ നാട്ടുകാരിൽ ആശയം ഉടലെടുത്തു. അതിന്റെ ഫലമായി 1990 ൽ ഷാർജയിൽ 100 ൽ അധികം പേർ പങ്കെടുത്ത ഒരു യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ഉരിത്തിരിഞ്ഞു വന്ന ആശയങ്ങളുടെയും, സംവാദങ്ങളെയും അടിസ്ഥാനത്തിൽ രൂപം കൊണ്ട സംഘടനയാണ് വലിയവേളി വെൽഫെയർ മൂവ്മെന്റ് ("വീവെം".)

ഇന്ന് യു.എ.ഇ. യിൽ പ്രവർത്തിക്കുന്ന പഴക്കം ചെന്ന അപൂർവ്വം പ്രവാസി സംഘടനകളിൽ ഒന്നാണ് "വീവെം" 1500 ൽ പരം അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടുന്ന വലിയ ഒരു പ്രവാസി സംഘടനയായി വളർച്ചയുടെ പടവുകൾ ചവിട്ടുകയാണ് "വീവെം".

**ലക്ഷ്യം:** അംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഐക്യവും, ക്ഷേമവും അതുവഴി വലിയവേളി ഗ്രാമത്തിന്റെ വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക, കലാ-കായിക, ആദ്ധ്യാത്മിക വളർച്ചയാണ് ഈ സംഘടനയുടെ പ്രധാന ലക്ഷ്യം.

സംഘടന രൂപം കൊണ്ട നാൾമുതൽ വലിയവേളി ഗ്രാമത്തിന്റെയും അയൽ ഗ്രാമങ്ങളുടെയും വളർച്ചയ്ക്ക് സഹായകമാരുന്ന നിരവധി പ്രവർത്തനങ്ങൾ സംഘടന നടപ്പിലാക്കിവരുന്നു. അതിൽ ചിലത് താഴെ പറയുന്നവയാണ്.

**ചാരിറ്റി ഫണ്ട്:** നമ്മുടെ സമൂഹത്തിലെ അശരണരും, നിരാലംബരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങാണ് പ്രവാസി സംഘടനകൾ, അത്തരത്തിലുള്ളവരെ സഹായിക്കുന്നതിനു വേണ്ടിയാണ് "വീവെം" എന്നും നിലകൊള്ളുന്നത്. നിർദ്ധനരായ രോഗികളുടെ ചികിത്സയ്ക്കും, കുട്ടികളുടെ വിദ്യാഭ്യാസത്തിനും പെൺകുട്ടികളുടെ വിവാഹത്തിനും സംഘടനയും, സംഘടനാംഗങ്ങളും സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു.

**സഹായങ്ങൾ**

1. സെന്റ് തോമസ് എൽ.പി. സ്കൂളിന് ചുറ്റു മതിൽ കെട്ടുന്നതിനും വൈദ്യുതികരിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ മുഴുവൻ തുകയും 1995 ൽ സംഘടന നൽകി.
2. സെന്റ് തോമസ് എൽ.പി. സ്കൂളിൽ എല്ലാ ഡിവിഷനിലും പുതിയ ഡസ്ക്കും ബഞ്ചും ഒരു കമ്പ്യൂട്ടറും 2001 ൽ നൽകുകയുണ്ടായി.
3. വർഷംതോറും സെന്റ് തോമസ് എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് യൂണിഫോമും പാഠപുസ്കതങ്ങളും നൽകി വരുന്നു. 2009 അദ്ധ്യായന വർഷം മുതൽ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനും തിരികെ വീടുകളിൽ കൊണ്ടാക്കുന്നതിനുമായി ഗതാഗത സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.
4. സെന്റ് തോമസ് എൽ.പി. സ്കൂളിൽ വിദ്യാർത്ഥികളുടെ വിനോദത്തിനായി പാർക്കും, മറ്റ് കളിക്കോപ്പുകളും 2008 ൽ നിർമ്മിച്ചുനൽകുകയുണ്ടായി കൂടാതെ മറ്റ് വിസകന പ്രവർത്തനങ്ങൾക്ക് സഹായങ്ങൾ നൽകിവരുന്നു.
5. സെന്റ് തോമസ് ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണത്തിനായി അംഗങ്ങൾ നേരിട്ട് സഹായം നൽകി.
6. സെന്റ് തോമസ് ലൈബ്രറിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി അംഗങ്ങൾ നേരിട്ടും സംഘടനയും സഹായം നൽകി.
7. സെന്റ് തോമസ് ദേവാലയം പുനഃവൈദ്യുതികരിക്കുന്നതിന് ആവശ്യമായ തുക സംഘടന 1994 ൽ നൽകുകയുണ്ടായി.
8. 2007 ലെ പ്രകൃതി ദുരന്തത്തിൽ ഭവനങ്ങൾ നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാംപിൽ കഴിയുകയായിരുന്ന 60 കുടുംബാംഗങ്ങൾക്ക് സംഘടന സഹായം നൽകി.
9. 2010 ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച പുതിയ ദേവാലയത്തിനായി സംഘടനയാൽ കഴിയുന്ന സാമ്പത്തിക സഹായങ്ങൾ നൽകാനാകുമെന്ന ശുഭാപ്തി വിശ്വാസത്തിലാണ് സംഘടന.
10. അയൽ ഗ്രാമങ്ങളിലെ വിദ്യഭ്യാസസ്ഥാപനങ്ങളുടെയും, ദേവാലയ നിർമ്മാണങ്ങളുടെയും പ്രവർത്തനങ്ങളിൽ വിവെം സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു.

**ഭവന പദ്ധതി:** നമ്മൾ ഓരോരുത്തരുടെയും സ്വപ്നമാണ് ഒരു ഭവനം നിർമ്മിക്കുകയെന്നത്. ഈ സ്വപ്നം വലിയവേളി ഗ്രാമത്തിൽ യാഥാർത്ഥ്യമാക്കുന്നതിനായി സംഘടന ശ്രമങ്ങൾ തുടങ്ങുകയും ഇതിന്റെ ഫലമായി വീട് ഇല്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിവരുന്നു. സംഘടനയുടെയും അംഗങ്ങളുടെയും സാമൂഹിക പ്രതിബദ്ധതയ്ക്ക് ഉത്തമ ഉദാഹരണമാണ് ഈ ഭവന പദ്ധതി.

## ഉയരട്ടെ സംഘശക്തി ഇനിയും

ജി.ആർ. തൂത്തൂർ

സടകുടഞ്ഞെഴുന്നേക്കൂ എൻ സോദരാ
സമുദായമൊറ്റക്കെട്ടായ് ഉയർന്നീടുവാൻ
അന്യചൂഷണം ഒഴിച്ചു മാറ്റീടുവാനും
സംഘടിക്കാം ശക്തരാകാം നമുക്കൊന്നായ്
സമുദ്ര സമ്പത്തു കൊയ്തെടുക്കും സോദരാ
ധീരനാണു നീ വീരനാണു നീ സുഹൃത്തുക്കളെ
നിങ്ങളാണീ നാട്ടിൻ ഉൾക്കരുത്തുമാവേശവും
നിങ്ങൾ നേടിക്കൊടുക്കുന്നു വിദേശ നാണ്യമിന്ത്യക്കു
ചൂഷണം ചെയ്യപ്പെടുന്നുവല്ലോ നമ്മൾ
നിത്യവും സത്യമായും നാമറിയാതെ തന്നെ
ഉൾക്കരുത്തുറങ്ങിക്കിടക്കുവതെന്തേ ഇനിയും
നമുക്കുണരുവാൻ സമയമാകാത്തതുമെന്തേ
നിൻ മക്കൾക്കു വേണം ഉന്നതമാം വിദ്യാഭ്യാസം
അതിനൊത്ത വേഷവും ധാഷ്ട്യവും വേണം
കിട്ടുന്നതൊക്കെ ദുർവ്യയം ചെയ്യുകിൽ
കിട്ടുമോ നിൻ മക്കൾക്കുന്നതി കിട്ടീടുമോ,
എവിടെ പോകുന്നു നിൻ വരുമാനമെല്ലാം
എവിടെ ചോരുന്നു നിൻ സർഗ്ഗ ശക്തിയും
ഇന്നുമുണ്ടോ എല്ലാവർക്കും പാർപ്പിടം
ഇന്നുമുണ്ടോ ഉത്തമ പൗരബോധവും
നീ പിറന്ന സമുദായം നിനക്കായ് ദാഹിക്കുന്നു
അതിൻ മോചനം നിന്നിലുമർപ്പിച്ചുവല്ലോ
അതിൻ വിളികേട്ടുണരുക എൻ സോദരാ
അവകാശങ്ങൾക്കായ് അടരാടുക ധീരമായ്
പാളിപ്പോകരുതു പലരിൻ ശബ്ദം കേട്ട്
നേതൃത്വം അംഗീകരിക്കണം അതാണാവശ്യം
പ്രകാശരേഖ തേടിപ്പോയിടാം പ്രബുദ്ധരായിടാം
നമ്മൾ തൻ ഐക്യം കണ്ടുപഠിക്കട്ടെ മാനവർ
അടിമച്ചങ്ങല അടർത്തി മാറ്റാം നമ്മൾ
അഭിമാനമോടെ ജീവിതം കാഴ്ചവയ്ക്കാം
അഭിമാനിക്കണം പിറന്ന മണ്ണിൻ ഒരുമയും
ആദിമ നൂറ്റാണ്ടു നമ്മിൽ ആവേശമുളവാക്കീടണം
ഉയരട്ടെ നം സംഘശക്തി ഇനിയുംതാൻ
ഉണരട്ടെ നമ്മിൽ അവകാശബോധങ്ങളും
ഉത്തരം കിട്ടാചോദ്യമല്ല നമ്മളോർക്കണം
ഉണർവോടെ ഉത്സാഹത്തോടെ വീഥിയിലിറങ്ങാം
നമ്മെ കാത്തിരിക്കുന്നു വിജയവീഥികൾ
നമ്മെ തേടിവരുന്നു വീര ഗാഥകൾ
നമ്മെ മാടിവിളിപ്പൂ സ്വാതന്ത്ര്യപുലരി
നമ്മെ നാമാക്കാൻ നമുക്കൊന്നായ് തീരാം

# കടൽമണൽ വാരാൻ ആരെയും അനുവദിക്കരുത്

വേളി: കടലാക്രമണത്തിന്റെ രൂക്ഷത ഏറെ അനുഭവിച്ചവരാണ് വേളി നിവാസികൾ. ഇന്ന് കടലോരം മണൽപരപ്പുകൊണ്ട് സംരക്ഷിക്കപ്പെട്ടതിൽ അവർ അഭിമാനിക്കുന്നു. നാല് വർഷങ്ങൾക്ക് മുമ്പുവരെ ഓരോ കർക്കിടകമാസവും കടലോര വാസികൾക്ക് പേടി സ്വപ്നമായിരുന്നു. കടലാക്രമണത്തിൽ വീടുകളും തെങ്ങുകളും പൂർണ്ണമായും നിലംപതിക്കുന്നത് നിസ്സഹായതോടെ നോക്കി നിൽക്കാൻ മാത്രമേ അവർക്ക് കഴിഞ്ഞുള്ളു. കടലമ്മയ്ക്ക് ഇത്രയേറെ കലിയിളകാൻ കാരണമെന്തെന്ന അന്വേഷണങ്ങൾക്കൊടുവിൽ ഒരു കാര്യം നാട്ടിലെ ചെറുപ്പക്കാർക്ക് ബോധ്യമായി. വേളി പൊഴിമുഖത്തെ മണലെടുപ്പാണ് കടലാക്രമണത്തിന്റെ രൂക്ഷത വർദ്ധിപ്പിച്ചതെന്ന്. ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ ശാസ്ത്രജ്ഞരോട് അന്വേഷിച്ചപ്പോൾ അവരും ഇത് സ്വീകരിച്ചു. വേളി പൊഴിക്കരയിൽ നിന്നും നിത്യവും നീറുകണക്കിന് വള്ളങ്ങളുപയോഗിച്ചാണ് കടൽമണൽ കോരി മാറ്റിയിരുന്നത്. ഒരിടത്ത് മണലെടുപ്പിലൂടെ ഗർത്തങ്ങൾ ഉണ്ടായാൽ അത് നികത്താൻ മറ്റൊരിടത്ത് നിന്നും മണൽ കൊണ്ടിടുക കടലമ്മയുടെ പ്രതിഭാസമാണ്.

കടൽ മണൽവാരലിനെതിരെ നാട്ടുകാർ സമരം പ്രഖ്യാപിച്ചപ്പോൾ മണൽലോബികൾ സമരക്കാർക്കെതിരെ ഒളിയാക്രമണം ആരംഭിച്ചു. എന്നാൽ തീരവാസികൾ സഹന സമരത്തിന് തയ്യാറായി. വേളി പൊഴിമുഖത്ത് രാത്രിയും പകലും കാവലേർപ്പെടുത്തിയപ്പോൾ സ്ത്രീകളും കുട്ടികളുമടക്കമുള്ള ജനങ്ങൾ ആവേശപൂർവ്വം സമരത്തിൽ അണിചേർന്നു. ഒടുവിൽ വേളി പൊഴിക്കരയിൽ നിന്നുള്ള മണലെടുപ്പ് നിരോധിക്കാനും കടലാക്രമണത്തിൽ വീടുകൾ നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കാനും സർക്കാർ തീരുമാനിച്ചു.

ഇപ്പോൾ വേളിയിൽ കടലാക്രമണം ഇല്ല. മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങൾ സൂക്ഷിക്കാനും മത്സ്യം ഉണക്കാനും കുട്ടികൾക്ക് കളിക്കാനും നാട്ടുകാർക്ക് വൈകുന്നേരങ്ങളിൽ വിശ്രമിക്കാനും മണൽപരപ്പ് ലഭിച്ചതായി മത്സ്യതൊഴിലാളികൾ പറയുന്നു. കടൽഭിത്തി കെട്ടി തീരത്തിന്റെ സ്വാഭാവികത നഷ്ടപ്പെടുത്തരുത്. കടൽമണൽ വാരാൻ ആരെയും അനുവദിക്കരുത്. മാലിന്യങ്ങൾ കടലിലോ കടലോരത്തോ നിക്ഷേപിക്കരുത്. അങ്ങിനെ വന്നാൽ കടലമ്മ കോപിക്കും

# നഗരമാലിന്യങ്ങൾ കടലിലൊഴുക്കരുത്

തിരുവനന്തപുരം: നഗരമാലിന്യങ്ങൾ സംസ്കരിക്കാതെ കടലിലോ ജലാശയങ്ങളിലോ നിക്ഷേപിക്കുന്നത് കേന്ദ്ര സർക്കാർ ഈയിടെ പ്രഖ്യാപിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന് എതിരാണ്. വേളി പൊഴുമുഖത്ത് ഒരു ചിറ നിർമ്മിച്ച് നഗരമാലിന്യങ്ങൾ കടലിലേയ്ക്ക് ഒഴുക്കുവാനുള്ള നീക്കം സർക്കാർ ഉപേക്ഷിക്കണം. കടലിലൊഴുക്കുന്ന ഖരമാലിന്യങ്ങൾ തീരത്തു വന്നടിയുകയും മത്സ്യതൊഴിലാളി ഗ്രാമങ്ങൾ മാലിന്യക്കൂമ്പാരമായി മാറുകയും ചെയ്യും. മത്സ്യസമ്പത്തിന്റെ ശോഷണത്തിനും ഇത് ഇടവരുത്തും. വേളി പൊഴിമുഖത്ത് ചിറ നിർമ്മിക്കുമ്പോൾ വടക്കു ഭാഗത്തെ രണ്ടു കിലോമീറ്ററോളം തീരം രൂക്ഷമായ കടലാക്രമണത്തിന് വിധേയമാവുകയും കരയില്ലാതാവുകയും ചെയ്യും. നഗരത്തിലെ ഖര-ദ്രാവക മാലിന്യങ്ങൾ സംസ് കരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും തയ്യാറാകണമെന്ന് കേരള സ്വതന്ത്രമത്സ്യതൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി. പീറ്റർ, ജില്ലാ സെക്രട്ടറി ആന്റോ ഏലിയാസ് എന്നിവർ ആവശ്യപ്പെട്ടു.



അലകളുടെ മുൻ ലക്കങ്ങൾ ലഭിക്കാൻ
www.alakal.net സന്ദർശിക്കുക

കേരള സ്വതന്ത്ര മത്സ്യതൊഴിലാളി
ഫെഡറേഷന്റെ വെബ്സൈറ്റ്
www.keralafishworkes.in
സന്ദർശിക്കുക



Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-3012196, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com